## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.510 | 11.12.2012 ൽ മറുപടിയ്ക്ക്

**മോട്ടോർ വാഹനങ്ങളിൽ കറുത്ത ഗ്ലാസ്, കർട്ടൻ എന്നിവ ഉപയോഗിക്കുന്നതിനെതിരെ നടപടി**

| ചോദ്യം<br>ശ്രീ. കെ.എം. ഷാജി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) മോട്ടോർ വാഹനങ്ങളിലെ വശങ്ങളിൽ കറുത്ത ഗ്ലാസ്,കർട്ടൻ എന്നിവ ഉപയോഗിയ്ക്കുന്നതി - നെതിരെ എന്തൊക്കെ നടപടികളാണ് മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) | 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 100 (2) ന് വിരുദ്ധമായി വാഹനത്തിന്റെ ഗ്ലാസ്സുകളിൽ കറുത്ത ഫിലിം/സൺ ഫിലിം എന്നിവ ഒട്ടിക്കുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 14/12/2009, 19/03/2011 എന്നീ തീയതികളിൽ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ഗതാഗതകമ്മീഷണർ കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. WP(C)No.265/2011-ലെ 27/04/2012 ലെ വിധിന്യായ പ്രകാരം ബഹു.സുപ്രീം കോടതി, വാഹനങ്ങളുടെ ഗ്ലാസ്സിൽ കറുത്ത ഫിലിം/സൺ ഫിലിം ഇടങ്ങിയവ ഒട്ടിക്കുന്നത് നിരോധിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് കർശനമായി പാലിക്കേണ്ടതാണ് എന്ന് 03/05/2012, ലെയും 05/05/2012 ലെയും കത്തുകൾ പ്രകാരം സർക്കാർ, സംസ്ഥാന പോലീസ് മേധാവി, ഗതാഗത കമ്മീഷണർ എന്നിവർക്ക് നിർദ്ദേശം നല്കിയിരുന്നു. ഇതിനെതുടർന്ന്, 04/05/2012 ൽ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും, എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, ചെക്ക് പോസ്റ്റുകളിലെ എല്ലാ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും ഗതാഗതകമ്മീഷണർ ആവശ്യമായ നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ 05/05/2012 ലെ കത്തിലൂടെ മോട്ടോർ വാഹനവകുപ്പിന്റെ വാഹനങ്ങളിൽ ഒട്ടിച്ചിരിക്കുന്ന സൺ ഫിലിം ഇളക്കി മാറ്റാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഈ വിഷയത്തിൽ |

| | | |
|---|---|---|
| | | ബഹു.സുപ്രീം കോടതിയുടെ നിർദ്ദേശം കർശനമായി പാലിക്കണമെന്നുള്ള സന്ദേശം കേരളത്തിലാകമാനമുള്ള ഓൾ ഇന്ത്യ റേഡിയോ നിലയങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നതിനായി 08/05/2012 ലെ കത്തിലൂടെ ആൾ ഇന്ത്യ റേഡിയോ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. സുപ്രീം കോടതി നിർദ്ദേശം പത്ര മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും, ദൃശ്യ മാധ്യമങ്ങളിൽ സംപ്രേഷണം ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ബഹു.സുപ്രീം കോടതിയുടെ നിർദ്ദേശം കർശനമായി നടപ്പിൽ വരുത്തുന്നതിനായി തങ്ങളുടെ അധികാരപരിധിയിലെ ഓഫീസുകളുടെ പ്രവർത്തനങ്ങളെല്ലാം ഏകോപിപ്പിക്കുന്നതിനായി 01/06/2012 ലെ കത്തിലൂടെ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും ഗതാഗതകമ്മീഷണർ നിർദ്ദേശം നല്കി. ബഹു.സുപ്രീം കോടതിയുടെ ഉത്തരവ് കർശനമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 04/10/2012 ലെ കത്തിലൂടെ ഗതാഗതകമ്മീഷണർ വിവിധ സർക്കാർ വകുപ്പുകൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) ശിക്ഷാ നടപടികളുടെ ഭാഗമായി വാഹന ഉടമകളിൽ നിന്നും പിഴ ഈടാക്കാറുണ്ടോ ; എങ്കിൽ ബഹു:സുപ്രീം കോടതി ഉത്തരവിനു ശേഷം എന്തു തുക ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട് ? | (ബി) | ഈടാക്കുന്നുണ്ട്. ബഹു.സുപ്രീം കോടതി ഉത്തരവിനു ശേഷം 8,72,500/- (എട്ടു ലക്ഷത്തി എഴുപത്തി രണ്ടായിരത്തി അഞ്ഞൂറ്) രൂപ പിഴ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.